**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3720** **26-10-2021 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ ക്ഷീരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **Smt J Chinchurani (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ക്ഷീര ഗ്രാമം പദ്ധതി നിലവിൽ എത്ര പഞ്ചായത്തുകളിൽ നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ; | (എ) | നാളിതു വരെ സംസ്ഥാനത്ത് 53 പഞ്ചായത്തുകളിൽ ക്ഷീര ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | കണ്ണൂർ ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് ക്ഷീര ഗ്രാമം പദ്ധതി ഇതുവരെ നടപ്പിലാക്കിയത്; | (ബി) | 1. തില്ലങ്കേരി പഞ്ചായത്ത് (2018-19) 2. ചൊക്ലി പഞ്ചായത്ത് (2019-20) 3. കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്ത് (2020-21) 4. പിണറായി പഞ്ചായത്ത് (2020-21) 5. ഉളിക്കൽ പഞ്ചായത്ത് (2020-21) |
| (സി) | പയ്യന്നൂർ മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ 2021-22 സാമ്പത്തിക വർഷം പ്രസ്തുത മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ പദ്ധതി അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | ഇല്ല. 2021-22 വർഷത്തിൽ ക്ഷീര ഗ്രാമം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പഞ്ചായത്തുകളുടെ പട്ടിക അന്തിമമായിട്ടുണ്ട്. ഇതിൽ പയ്യന്നൂർ മണ്ഡലത്തിലെ പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ